*Celebrating Extraordinary Missionary Month October 2019…*

**Wednesday, 9 October 2019**
ഏലിയാ സ്ലീവാ മൂശാകാലം അഞ്ചാം ബുധൻ
LK 11:24-26
*അശുദ്ധാത്മാവിന്റെ  തിരിച്ചുവരവ്*
Fr. Winson Moyalan CMI

യേശുവിനോടുകൂടെയല്ലാത്തവൻ യേശുവിനെതിരാണ്. യേശുവിനോടുകൂടെ ശേഖരിക്കാത്തവൻ ചിതറിക്കപ്പെടും.(23) മനുഷ്യനെ പാപാന്ധകാരത്തിൽ നിന്നും രക്ഷിക്കാൻ വന്ന യേശുവിനെതിരെ മനുഷ്യനെ അണിനിരത്തുകയും, ദൈവൈക്യത്തിൽ നിന്ന് അവനെ ചിതറിച്ചുകളയുകയും ചെയ്യുക എന്നതാണ് സാത്താന്റെ കുതന്ത്രം.
പിശാചിനേയും അവന്റെ സ്വാധീനങ്ങളേയും ഒഴിവാക്കാനുള്ള അധികാരം ശിഷ്യ നല്കപ്പെട്ടതോടെ മനുഷ്യനിൽ കുടിയിരിക്കാനുള്ള  അവസരവും അവന് നഷ്ടമായി ആരെ വിഴുങ്ങേണ്ടൂ എന്ന് സിംഹത്തെപ്പോലെ അലറി വിളിച്ചു കൊണ്ട് നടക്കുകയാണവൻ.

ഈ യുദ്ധത്തിൽ ഇനി ആർക്കും നിഷ്പക്ഷനായിരിക്കാൻ സാദ്ധ്യമല്ല.  ഒന്നുകിൽ ദൈവത്തിന്റെ പക്ഷം, അല്ലെങ്കിൽ സാത്താന്റെ പക്ഷം. രണ്ടു വള്ളത്തിൽ ഒരേ കാൽ ചവുട്ടി നില്ക്കാൻ ഇനി ആർക്കും സാദ്ധ്യമല്ല.

ഊമനായ  പിശാചിനെ ഒഴിവാക്കുന്ന (14) ഒരു ഭാഗത്തിന്റെ തുടർച്ചയാണല്ലോ ഇന്നലത്തേയും ഇന്നത്തേയും ധ്യാന വിഷയങ്ങൾ. ദൈവത്തെ അറിയാത്തവൻ എങ്ങനെയാണ് ദൈവത്തെക്കുറിച്ച് സംസാരിക്കുക?  പിശാചിന്റെ പക്ഷത്തായവ ദൈവത്തെക്കുറിച്ച് സംസാരിക്കുക സാദ്ധ്യമല്ല. അതാണ് പിശാച് ബാധിച്ച ഊമന്റെ സംഭവം നമ്മോട് പറയുന്നത്. എന്നാൽ ഒരിക്കൽ യേശുവിനെ അറിഞ്ഞു കഴിഞ്ഞ പിന്നെ യേശുവിനെക്കുറിച്ച് സംസാരിക്കാതിരിക്കാനും ആർക്കും സാദ്ധ്യമല്ല. അപ്പസ്തോലന്മാരും, ആദിമ ക്രൈസ്തവ സാക്ഷികളും എത്ര വാചാലമായിട്ടാണ് യേശുവിനെക്കുറിച്ച് പ്രഘോഷിച്ചിരുന്നത്.

യേശുവിനെ അറിഞ്ഞവൻ അവനേയും, അവന്റെ വചനത്തേയും ഹൃദയത്തിൽ പാർപ്പിക്കണം. ഒഴിഞ്ഞു കിടക്കുന്ന വീടുകളിൽ സകലവിധത്തിലുള്ള കൃമികീട ക്ഷുദ്രജീവികളും വന്ന് കുടി പാർക്കുന്ന ദുരവസ്ഥ നമ്മുടെ ആത്മാവിന്റെ കാര്യ അന്വർത്ഥമാണ്.

ഏഴ് പുതിയ ദുഷ്ടാത്മാക്കൾ വന്നു കുടിയേറുന്ന ഉപമ നാമിവിടെ വായിക്കുന്നു. 'ഏ പൂർണ്ണതയുടെ അക്കമാണ്. ഏഴ് അശുദ്ധാത്മാക്കൾ എന്നത് പൂർണ്ണമായ അശുദ്ധി സൂചിപ്പിക്കുന്നു. ഒരിക്കൽ ദൈവത്തെ അറിഞ്ഞാൽ അത് സൂക്ഷിച്ചു വയ്ക്കാൻ ഉള്ളതല്ല.  അതേറ്റു പറയുമ്പോഴാണ്, പ്രഘോഷിക്കുമ്പോഴാണ് വിടവില്ലാത്ത വിധം ഹൃദയം നിറഞ്ഞു തുളുമ്പുക. പങ്കുവയ്ക്കാതിരിക്കുന്ന  ഹൃദയം തുരുമ്പിച്ച് ഏഴിരട്ടിയായി  വിപത്തിന്റെ പടുകുഴിയിലേയ്ക്ക് വലിച്ചെറിയപ്പെടും.

*Published by*
CMI General Department of Evangelization and Pastoral Ministry